39, 40 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലും ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XII-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 19, 20, 21, 27, 33, 34, 36, 37, 40, 48, 49, 50, 51 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലും 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 26-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേലും സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസപത്രികകൾ.

VI റിപ്പോർട്ട് സമർപ്പണം

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VII അറിയിപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ : ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്ന് 7 മണിക്ക് മെമ്പേഴ്സ് ലോഞ്ചിൽ വച്ച് ഒരു ചടങ്ങുണ്ട്. സംസ്ഥാനത്ത് കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന ജൈവ-കാർഷിക പദ്ധതി സംബന്ധിച്ച് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി വിശദീകരണം നടത്തുന്നതാണ്. പ്രസ്തുത ചടങ്ങിൽ എല്ലാ നിയമസഭാ സാമാജികരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിൽ പങ്കെടുക്കുന്നതിന് എം.എൽ.എ. ഹോസ്റ്റലിൽ നിന്ന് വൈകുന്നേരം 6.45-നും തിരിച്ചുപോകുന്നതിനും വാഹനം ഏർപ്പാട് ചെയ്തിട്ടുണ്ട്.

VIII പ്രത്യേക പരാമർശം

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ ഉന്നയിച്ച ആരോപണങ്ങൾ സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, അങ്ങ് ഇല്ലാതിരുന്ന സന്ദർഭത്തിൽ, പാനൽ ഓഫ് ചെയർമാൻ അദ്ധ്യക്ഷത വഹിച്ച അവസരത്തിൽ ഇവിടെ ഭരണകക്ഷിയിലെ ഒരംഗം അഴിമതിയെ സംബന്ധിച്ച് ഉന്നയിച്ച അതുസംബന്ധിച്ച് മുഖ്യമന്ത്രിക്ക് പരാതി അയച്ചിരുന്നു, സഭയിലെ അംഗങ്ങളടങ്ങുന്ന ഒരു അന്വേഷണ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സമിതി ഇതേപ്പറ്റി അന്വേഷിക്കാൻ തയ്യാറാകണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. ഇന്ന് ലോക അഴിമതിവിരുദ്ധ ദിനമാണ്. അതുസംബന്ധിച്ച് എല്ലാ മന്ത്രിമാരുടെയും ഓഫീസുകളിൽ ഉദ്യോഗസ്ഥരെല്ലാം കൂടി പ്രതിജ്ഞ ചെയ്യുന്ന വിവരം അറിയാൻ കഴിഞ്ഞു. ഈ കാര്യത്തെ സംബന്ധിച്ച് ഭരണകക്ഷി അംഗമായ ശ്രീ. കെ. ബി. ഗണേഷ് കുമാറിനുണ്ടായ അനുഭവങ്ങൾ കുറച്ചുമുമ്പ് ഇവിടെ വിവരിച്ചു. തെളിവ് സഹിതം അദ്ദേഹം പറയുകയുണ്ടായി. അതേക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭിപ്രായമെന്താണ് ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : അദ്ദേഹം ഉന്നയിച്ചു. മന്ത്രി അത് നിഷേധിച്ചു. ഇനി അതുസംബന്ധിച്ച് പരിശോധിച്ചുമാത്രമേ ഗവൺമെന്റിന് പറയാൻ സാധിക്കുകയുള്ളൂ. അത് പരിശോധിക്കും. അതിനുശേഷം അത് സംബന്ധിച്ചുള്ള തീരുമാനമെടുക്കും. .....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കണം. ..... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ:.....(ബഹളം)..... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അത് ഉന്നയിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ അതിന് മറുപടിയും പറഞ്ഞു. ഇനി അതിനെപ്പറ്റി ചർച്ചയില്ല.....(ബഹളം).....ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. നിയമസഭാ വേദിയിൽ ഒരടിസ്ഥാനവുമില്ലാതെ ഏത് ആരോപണവും ഉന്നയിക്കാമെന്നാണോ ധരിക്കുന്നത്, അത് ശരിയല്ല. ആവശ്യത്തിൽക്കൂടുതൽ പബ്ലിസിറ്റി കിട്ടുമെന്ന് പറഞ്ഞ് ഒരടിസ്ഥാനവുമില്ലാത്ത ആരോപണം നിയമസഭാ വേദികളിൽ ഉന്നയിക്കുന്നത് ശരിയല്ല. അത് അനുവദിക്കാൻ സാദ്ധ്യമല്ല. യെസ്...യെസ്.....(ബഹളം).....

(ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽവന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)